**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4527** **01-07-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ സോളാർപാനൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർപാനൽ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേന സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങ ളിലുമായി, സൗര ഫേസ് - 1 പദ്ധതിയിൽ ഉൾപ്പെടുത്തി 2 പുരപ്പുറ സോളാർ നിലയങ്ങൾ സ്ഥാപിച്ചു. എരിമയൂർ ഗവ. ഹൈ സ്കൂളിൽ 4 kw - ഉം, ആലത്തൂർ സബ് ജയിലിൽ 30 kW - ഉം സ്ഥാപിച്ചു. ഇതിനായി ആകെ 14,50,434/- രൂപ ചെലവായി.<br><br>ആലത്തൂർ മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ വെറ്ററിനറി ഹോസ്പിറ്റലിൽ 2kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.<br><br>2. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ GLP സ്കൂളിൽ 2kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.<br><br>3. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിൽ 3kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.<br><br>4. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ PHC-യിൽ 5kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.<br><br>5. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ 2kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.<br><br>6. ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ആലത്തൂർ VFPCK-യിൽ 7kWp ഓൺഗ്രിഡ് സോളാർ പ്ലാന്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് സർക്കാർ സ്ഥാപനങ്ങളും പൊതു വിദ്യാലയങ്ങളും കണ്ടെത്തുകയാണെങ്കിൽ പ്ലാന്റുകൾ സ്ഥാപിച്ചു നല്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ